**File No.C1/73/2022-TC**

തിയതി : 25/04/2022

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം – 695 014

ഇ–മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**<u>സർക്കുലർ നമ്പർ – 5 /2022</u>**

വിഷയം :- മോട്ടോർ വാഹന വകുപ്പ്- സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ഡീലർ രജിസ്ട്രേഷൻ/ ട്രേഡ് സർട്ടിഫിക്കറ്റ് ഇഷ്യൂ/ റിന്യൂവൽ-ഓൺലൈൻ അപേക്ഷകളെ അടിസ്ഥാനമാക്കി പുതുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ നം. 10/21

2. 13.07.2021 ലെ 236/2020/ഗതാഗതം നമ്പർ കത്ത്.

സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നയത്തിന്റെ ഭാഗമായി, ഡീലർ രജിസ്ട്രേഷൻ/ ട്രേഡ് സർട്ടിഫിക്കറ്റ് ഇഷ്യൂ/ റിന്യൂവൽ എന്നീ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആയി നൽകുന്നതിനു നിലവിലുള്ള നടപടിക്രമങ്ങൾ പരിഷ്കരിക്കുവാൻ സൂചന സർക്കാർ ഉത്തരവ് പ്രകാരം ഗതാഗത കമ്മീഷണറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അപേക്ഷകൾ എങ്ങനെയാണു സമർപ്പിക്കേണ്ടതെന്നുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും വിവരിച്ച് സർക്കുലർ നമ്പർ 10/2021 പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത സർക്കുലറിൽ താഴെപ്പറയുന്ന നടപടിക്രമങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നു.

1. ഓൺലൈനായി ഫീസും അനുബന്ധ രേഖകളും അപ്‌ലോഡ് ചെയ്ത് അപേക്ഷ സമർപ്പിച്ച ശേഷം ഫൈനൽ സബ്മിറ്റ് ബട്ടണിലൂടെ അപേക്ഷകൾ ഡിജിറ്റലായി ഓഫീസുകളിൽ എത്തുന്നു.
2. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ മൂന്നു ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട സെക്ഷൻ സൂപ്പർവൈസറി ഓഫീസർ (Head Clerk/Junior Superintendent) വെരിഫൈ ചെയ്യേണ്ടതും ന്യൂനതകൾ ഉള്ളപക്ഷം ഡിജിറ്റലായി അറിയിക്കേണ്ടതുമാണ്. മൂന്നു ദിവസത്തിനുള്ളിൽ ഇക്കാര്യം ചെയ്യാത്തപക്ഷം അപേക്ഷയിൽ മറ്റു ന്യൂനതകൾ ഇല്ലായെന്ന് കണക്കാക്കി, അപേക്ഷ പരിശോധനാ ഉദ്യോഗസ്ഥനിലേക്ക് വാഹൻ സോഫ്റ്റ്‌വെയർ കൈമാറുന്നതാണ്.
3. അടുത്ത 14 ദിവസത്തിനുള്ളിൽ ട്രേഡ് സർട്ടിഫിക്കറ്റ് അപേക്ഷയിൽ പരാമർശിച്ച സ്ഥലം, പരിശോധനാ ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും ബന്ധപ്പെട്ട റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തേണ്ടതുമാണ്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം ന്യൂനതകൾ ഇല്ലായെന്ന് കണക്കാക്കി, ബന്ധപ്പെട്ട അപ്രൂവൽ അതോറിറ്റിക്ക് വാഹൻ സോഫ്റ്റ്‌വെയർ കൈമാറുന്നതാണ്.
4. അടുത്ത 14 ദിവസത്തിനുള്ളിൽ ട്രേഡ് സർട്ടിഫിക്കറ്റ് പരിശോധനാ റിപ്പോർട്ട് അപ്രൂവൽ

അതോറിറ്റി പരിശോധിക്കേണ്ടതും ബന്ധപ്പെട്ട ട്രേഡ് സർട്ടിഫിക്കറ്റ് ഓൺലൈനായി ഇഷ്യൂ ചെയ്യേണ്ടതുമാണ്. അതിൽ വീഴ്ച വരുത്തുന്നപക്ഷം ന്യൂനതകൾ ഇല്ലായെന്ന് കണക്കാക്കി, വാഹൻ സോഫ്റ്റ്‌വെയർ ഓട്ടോമാറ്റിക്കായി അപ്രൂവൽ നൽകുന്നതാണ്.

5. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കുന്നതിനുള്ള സർക്കാരിന്റെ ഉദ്ദേശശുദ്ധി മനസ്സിലാക്കി ഓരോരുത്തരും നിർണ്ണയിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ അവരിൽ നിക്ഷിപ്തമായ ചുമതല വീഴ്ച കൂടാതെ നിർവ്വഹിക്കേണ്ടതാണ്. അപേക്ഷകൾ 30 ദിവസത്തിനുള്ളിൽത്തന്നെ തീർപ്പാക്കി എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

6. നിയമപ്രകാരം അപേക്ഷ സമർപ്പിക്കുന്ന സംരഭകർക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുക എന്നതാണ് ഈ സർകുലറിന്റെ ഉദ്ദേശം.

7. നിബന്ധനകൽ പാലിക്കാതെയും ആവശ്യമായ രേഖകൾ ഓൺലൈൻ ആയി സമർപ്പിക്കാതെയും അനുയോജ്യമായ സൌകര്യങ്ങൾ ഉറപ്പാക്കാതെയും സമർപ്പിക്കുന്ന അപേക്കൾ യഥാവിധി അറിയിപ്പ് നൽകി നിരസിക്കാവുന്നതാണ്.

8. നിലവിൽ പെന്റിംഗിലുള്ള അപേക്ഷകളിലും ഈ സർക്കുലർ പ്രകാരം അടിയന്തിരമായി തീരുമാനം കൈക്കൊണ്ട് അപേക്ഷകനെ വിവരം അറിയിക്കേണ്ടതാണ്.

9. വാഹൻ സോഫ്റ്റ്‌വെയറിൽ ഇതിനാവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം NIC – ക്ക് നൽകിയിട്ടുണ്ട്. ആയത് വാഹൻ സോഫ്റ്റ്‌വെയറിൽ പ്രതിഫലിക്കുന്ന ദിവസം മുതൽ 'Auto Approval' പ്രാബല്യത്തിൽ വരുന്നതാണ്.

10. ഈ സർക്കുലറിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ഓരോരുത്തരും പ്രവർത്തിക്കേണ്ടതാണ്.

Digitally signed by M R AJITHKUMAR IPS
Date:Mon Apr 25 12:03:48 IST 2022
Reason: Approved

M R Ajithkumar Ips
Transport Commissioner